# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4030 18.10.2011-ൽ മറുപടിയ്ക്ക്

### സമഗ്രമായപുനരധിവാസപാക്കേജ്

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.പി.തിലോത്തമൻ

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമഗ്രമായ പുനരധിവാസ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഭൂമി നഷ്ടപ്പെടുന്നവരുടെ ജീവിതനിലവാരംമെച്ചപ്പെടുത്തുന്നതിന് ഈ പാക്കേജ് കൊണ്ട് എന്തെങ്കിലും സാധ്യതയുണ്ടോ;

(സി) എങ്കിൽ അതിനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂവകുപ്പ് മന്ത്രി)

(എ) (ബി) & (സി) കേന്ദ്രഗവൺമെൻറിൻെറ 1894-ലെ ഭൂമി ഏറ്റെടുക്കൽ നയത്തിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനസർക്കാർ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഇപ്പോൾ ഭൂമിഏറ്റെടുക്കൽനടത്തിവരുന്നത്. പുനരധിവാസത്തിന്വ്യവസ്ഥകളില്ലാത്തതിനാലും, നഷ്ടപരിഹാരംതീരെ അപര്യാപ്തമായതുകൊണ്ടും ഈ നയത്തിനെതിരെ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൻെറ വിപരീത ഫലങ്ങൾ കുറയ്ക്കുന്നതിനും, ഭൂദാതാക്കളുടെ സാമൂഹികവും, സാമ്പത്തികവുമായ അന്തസ്സ് നിലനിറുത്തുന്ന തിനുമായിഒരു പൊതുവായ പുനരധിവാസ, പുനക്രമീകരണനയത്തിന് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഭൂമിനഷ്ടപ്പെടുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഉതകുന്ന പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ തിരികെ ഏറ്റെടുക്കുക, ഭൂദാതാക്കൾക്ക് പദ്ധതിയുടെ ഓഹരി ഉടമകളാകാൻ അവസരം നൽകുക, ഭൂമി ഏറ്റെടുക്കൽ

വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ് ഭൂദാതാക്കളുമായി ചർച്ചനടത്തുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ നയം ബഹു.റവന്യൂ വകുപ്പ് മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ആഫീസർ.